# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 354

29-06-2016-ൽ മറുപടിക്ക്

## മാനാഞ്ചിറയിലുള്ള കോമൺവെൽത്ത് കമ്പനി സർക്കാർ ഏറ്റെടുക്കുന്നത്

**ചോദ്യം**

ശ്രീ. ഇ.കെ.വിജയൻ

(എ) കോഴിക്കോട് മാനാഞ്ചിറയിലുള്ള കോമൺവെൽത്ത് കമ്പനി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ബിൽ, നിയമസഭ പാസാക്കിയതിനുശേഷം, സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

**ഉത്തരം**

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

(എ) കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡിന്റെ ഒരു യൂണിറ്റായ കോഴിക്കോട് മാനാഞ്ചിറയിലെ ഹാന്റ്ലൂം വീവിംഗ് ഫാക്ടറി എന്ന സംരംഭത്തെ പുന:സംഘടിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ആ സംരംഭവും, ഉടമകൾക്ക് പ്രസ്തുത സംരംഭത്തിൻമേലുള്ള അധികാരവും, അവകാശവും, താൽപ്പര്യവും വിലയ്ക്കെടുക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കീഴിൽ ഒരു വ്യവസായ മ്യൂസിയവും ഉൽപ്പാദന കേന്ദ്രവും സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് 2012 ജൂലൈ 25-ാം തീയതി നിയമസഭ പാസ്സാക്കിയ 2012 - ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ. പ്രസ്തുത ബിൽ അനുമതി ലഭിക്കുന്നതിനായി ബഹു. ഇന്ത്യൻ പ്രസിഡന്റിന്റെ പരിഗണനയിലാണ്. പ്രസ്തുത ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിച്ച് ആക്ട് ആയി പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ പ്രസ്തുത ബില്ലിലെ നിയമ വ്യവസ്ഥകൾ നിലവിൽ വരികയുള്ളൂ. ഇതിന് ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുമായി സംസ്ഥാന സർക്കാരിന് മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്ത മാക്കാമോ ; | (സി) | കോമൺവെൽത്ത് ട്രസ്റ്റ് ബിൽ ബഹു. ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതിയ്ക്കായി അയച്ചപ്പോൾ ബില്ലിലെ ചില വ്യവസ്ഥ കളിൻമേൽ കേന്ദ്ര സർക്കാരിന്റെ വ്യവ സായ-വാണിജ്യ മന്ത്രാലയവും തൊഴിൽ മന്ത്രാലയവും സംസ്ഥാന സർക്കാരിനോട് ചില സ്പഷ്ടീകരണങ്ങളും സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും ആരാഞ്ഞി രുന്നു. ഇതാണ് കോമൺവെൽത്ത് ട്രസ്റ്റ് ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്നത് വൈകുവാൻ കാരണമായത്. കേന്ദ്ര സർക്കാർ ബില്ലിൻമേൽ ആവശ്യപ്പെട്ട സ്പഷ്ടീകരണം സംസ്ഥാന സർക്കാർ ബഹു. സംസ്ഥാന ഗവർണ്ണറുടെ സെക്രട്ടറി മുഖേന 18/09/2015 ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്പനി ഏറ്റെടുക്കുന്നതി നുള്ള അടിയന്തിര നടപടി സ്വീകരി ക്കുമോ ? | (ഡി) | പ്രസ്തുത ബിൽ ആക്ടായി പ്രസിദ്ധീകരിച്ച് നിയമ വ്യവസ്ഥകൾ നിലവിൽ വരുമ്പോൾ മാത്രമാണ് നിലവിലെ ഉടമകൾക്ക് പ്രസ്തുത സംരംഭത്തിൻമേലുള്ള അധികാ രവും, അവകാശവും, താൽപ്പര്യവും സർക്കാരിന് വിലയ്ക്കെടുക്കുന്നതിന് സാധ്യമാവുന്നതും ആയത് സർക്കാരിന് കൈമാറ്റം ചെയ്യപ്പെടുന്നതും. ഇതിനായി ബില്ലിന് ബഹു. ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതി ലഭിക്കേണ്ടത് ആവശ്യമാണ്. ഇതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ